**പലതവണ കയ്പ്പേറിയ അനുഭവമുണ്ടായിട്ടും വിദഗ്ധസമിതി പഠിക്കട്ടെ എന്ന നിലപാടിലേക്ക് സമരസമിതി എന്തുകൊണ്ടാണ് വീണ്ടും എത്തിയത്?**

വിദഗ്ധസമിതിയെ വിശ്വാസമുള്ളതുകൊണ്ടല്ല. ജൂൺ 29ന് നടന്ന സർവ്വകക്ഷി യോഗതീരുമാനത്തിന്റെ പൊതുവികാരത്തെ മാനിക്കുകയായിരുന്നു ഞങ്ങൾ. ജനാധിപത്യ സംവിധാനത്തിൽ സർവ്വകക്ഷിയോഗ തീരുമാനത്തിനുള്ള പ്രാധാന്യത്തെ മാനിക്കുകയായിരുന്നു. കളക്ടറെയും വിശ്വാസത്തിലെടുത്തു. റിപ്പോർട്ട് മൃദുസമീപനം പുലർത്തുന്നതാണെങ്കിൽ പോലും പ്രാഥമികമായി ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാത്ത കമ്പനിയാണ് എൻ.ജി.ഐ.എൽ എന്ന് അതിൽ നിന്നും നമുക്ക് ബോധ്യമാകും. ഇതുവരെ മാസ്ബാലൻസ് സ്റ്റഡി നടത്താതെയാണ് അവർ അവിടെ പ്രവർത്തിക്കുന്നത് എന്നത് കമ്പനിക്കെതിരെയുള്ള ശക്തമായ ഒരു വാദമാണ്. ഇന്ന് റൊക്കം, നാളെ കടം എന്ന റിപ്പോർട്ടിന്റെ സമീപനമാണ് അംഗീകരിക്കാൻ കഴിയാത്തത്. ഇന്ന് സ്റ്റോപ് മെമ്മോ കൊടുക്കാൻ കഴിയില്ല, നാളെ എന്തെങ്കിലും കുഴപ്പമുണ്ടായാൽ അപ്പോൾതന്നെ സ്റ്റോപ് മെമ്മോ കൊടുക്കാമെന്നാണ് റിപ്പോർട്ട് പറയുന്നത്. ഇന്ന് പ്രയോഗിക്കാൻ കഴിയാത്ത അധികാരം നാളെ എങ്ങനെയുണ്ടാകാനാണ്? അന്തിമസമരം പ്രഖ്യാപിച്ച നോട്ടീസിൽ തന്നെ വിദഗ്ധ സമിതികളോട് ഞങ്ങൾക്ക് ഇനി താത്പര്യമില്ലെന്ന് പറഞ്ഞിരുന്നതാണ്. ജനാധിപത്യത്തിൽ വിശ്വാസമർപ്പിച്ച് സമരം ചെയ്യുന്നതുകൊണ്ടാണ് അത് അംഗീകരിച്ചത്. അല്ലാതെ സമരത്തിന്റെ ദൗർബല്യമല്ല അത്. ■

അധികാര വികേന്ദ്രീകരണത്തിന്റെ ദുരവസ്ഥയെക്കുറിച്ച് സംസാരിക്കുന്നു, എൻ.ജി.ഐ.എൽ ആക്ഷൻ കൗൺസിലിന്റെ പ്രതിനിധിയായി കമ്പനി നിൽക്കുന്ന വാർഡിൽ നിന്നും കാടുകുറ്റി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട

**ഷേർളി പോൾ**

# പഞ്ചായത്തിന്റെ തീരുമാനം പ്രധാനമല്ലേ?

**ജനകീയസമരത്തിന്റെ പ്രതിനിധിയായി പഞ്ചായത്ത് തെരഞ്ഞെടുപ്പിലേക്ക് വിജയിക്കുക എന്നത് കേരളത്തിൽ അപൂർവ്വ സംഭവമാണല്ലോ. കമ്പനി നിൽക്കുന്ന വാർഡിൽ തന്നെയാണ് ഷേർളി ചേച്ചി വിജയിച്ചിരിക്കുന്നത്. ആക്ഷൻ കൗൺസിലിന്റെ സ്ഥാനാർത്ഥിയാകാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്?**

കമ്പനിക്കടുത്ത് നിന്നും ഒന്നര കീലോമീറ്റർ അകലെയാണ് എന്റെ വീട്. കമ്പനിയുടെ ദുരിതം വർഷങ്ങളായി നേരിട്ടനുഭവിക്കുന്ന ആളാണ് ഞാൻ. ജനങ്ങളുടെ പ്രതിഷേധം അറിയിക്കാനുള്ള ഒരു മാർഗ്ഗമായാണ് തെരഞ്ഞെടുപ്പിൽ നിൽക്കാൻ തീരുമാനിച്ചത്. ആക്ഷൻ കൗൺസിൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തീരുമാനിച്ചപ്പോൾ എന്നോട് നിൽക്കാൻ പറ്റുമോ എന്ന് ചോദിച്ചു. ഉടൻ തന്നെ ഞാൻ സമ്മതിച്ചു. കമ്പനിയെ അനുകൂലിക്കുന്നവരാണ് മറ്റ് സ്ഥാനാർത്ഥികളെല്ലാം. യു.ഡി.എഫ്-എൽ.ഡി.എഫ് സ്ഥാനാർത്ഥികൾക്ക് കമ്പനി പിന്തുണയും നൽകിയിരുന്നു. അവരിൽ ആര് പഞ്ചായത്തിൽ വന്നാലും കമ്പനിക്ക് അനുകൂലമായി മാത്രമെ നിലപാടെടുക്കൂ എന്നതായിരുന്നു സ്ഥിതി. അതുകൊണ്ട് തന്നെ ആക്ഷൻ കൗൺസിലിന് സ്വാധീനമുള്ള വാർഡുകളിലെല്ലാം അന്ന് ഞങ്ങൾ സ്ഥാനാർത്ഥികളെ നിർത്തിയിരുന്നു.

കമ്പനി സ്ഥിതി ചെയ്യുന്ന വാർഡിൽ തന്നെ സമരത്തിന്റെ പ്രതിനിധി ജയിച്ചതോടെ കമ്പനി മലിനീകരണമുണ്ടാക്കുന്നില്ല എന്ന അവരുടെ വാദം പൊളിഞ്ഞുപോവുകയാണ് ചെയ്തത്. കാതിക്കുടത്തുകാർക്ക് ഒരു പ്രശ്നവുമില്ല. പുറമെ നിന്നെത്തിയവരാണ് പ്രശ്നമെന്നാണ് ഇന്ന് പലരും പറയുന്നത്. അങ്ങനെയെങ്കിൽ എങ്ങനെയാണ് ഞാൻ ഈ വാർഡിൽ ജയിച്ചത്? കമ്പനിക്കെതിരെ കാതിക്കുടത്ത് വികാരമുണ്ടെന്നതിന്റെ തെളിവാണ് എന്റെ വിജയം.

➯ കമ്പനിക്ക് രണ്ട് മുന്നണിയിലെ മെമ്പർമാരെയും അവരുടെ പക്ഷത്ത് നിർത്താൻ കഴിഞ്ഞിട്ടുണ്ട് ➯



ഷേർളി പോൾ സാറാ ജോസഫിനൊപ്പം സമര പന്തലിൽ. (നിൽക്കുന്നതിൽ ഇടത് നിന്നും ഒന്നാമത്)

ഞാൻ ഇലക്ഷനിൽ ജയിച്ച ശേഷം എന്റെ വാർഡിൽ നിന്നുള്ളവർക്ക് ജോലി കൊടുക്കാൻ കമ്പനി കൂടുതലായി ശ്രദ്ധിക്കുന്നുണ്ട്. എല്ലാവിധ എതിർപ്പുകളും കുറയ്ക്കാൻ ജാതി–മത–കുടുംബ പരിഗണനകൾ നോക്കിയാണ് ജോലി കൊടുക്കാറുള്ളത്. ട്രേഡ് യൂണിയൻകാരാണ് ഇത്തരം വിവരങ്ങൾ കൃത്യമായി കമ്പനിക്ക് കൈമാറുന്നത്

**പഞ്ചായത്ത് ഭരണസമിതിയിൽ സമരത്തിന്റെ പ്രതിനിധി എത്തി എന്നതുകൊണ്ട് പഞ്ചായത്തിന്റെ നിലപാടിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ?**

2010 ഇലക്ഷന് ശേഷം പഞ്ചായത്ത് ഇതുവരെ കമ്പനിക്ക് ലൈസൻസ് നൽകാൻ തയ്യാറാകാത്തത് പഞ്ചായത്തിന്റെ നിലപാട് മാറിയതുകൊണ്ട് തന്നെയാണ്. യു.ഡി.എഫിന് ഒമ്പത് മെമ്പർമാരും എൽ.ഡി.എഫിന് അഞ്ചും ഞാൻ ഉൾപ്പെടെയുള്ള രണ്ട് സ്വതന്ത്ര മെമ്പർമാരുമാണ് 16 അംഗങ്ങളുള്ള പഞ്ചായത്തിലെ കക്ഷിനില. കമ്പനിക്ക് രണ്ട് മുന്നണിയിലെ മെമ്പർമാരെയും അവരുടെ പക്ഷത്ത് നിർത്താൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫിലെ ഏഴും ഞാനും ചേർന്ന് എട്ടുപേർ കമ്പനിക്ക് എതിരായ നിലപാടുള്ളവരാണ്. എൽ.ഡി.എഫിലെ അഞ്ചും യു.ഡി.എഫിലെ രണ്ടും ഒരു സ്വതന്ത്ര മെമ്പറും ഉൾപ്പെടെ എട്ടുപേർ കമ്പനിക്ക് അനുകൂലവുമാണ്. പ്രസിഡന്റിന്റെ കാസ്റ്റിംഗ് വോട്ടോടെയാണ് കമ്പനിക്കുള്ള ലൈസൻസ് നൽകാതിരിക്കുന്നത്. എൽ.ഡി.എഫ് മെമ്പർമാർ എല്ലാക്കാലത്തും കമ്പനിക്ക് അനുകൂലമായിരുന്നു. എന്നാൽ ഒരു സ്വതന്ത്ര മെമ്പറും ഒരു യു.ഡി.എഫ് മെമ്പറും പിന്നീട് കമ്പനിയുടെ പക്ഷത്തേക്ക് മാറിയവരാണ്. കമ്പനി മെമ്പർമാരെ സ്വാധീനിക്കാൻ ശ്രമിക്കുന്നുണ്ട്. ലൈസൻസ് നൽകാനുള്ള തീരുമാനം ചർച്ച ചെയ്യുന്ന പഞ്ചായത്ത് യോഗത്തിന്റെ തലേന്ന് കമ്പനിയുടെ പ്രതിനിധികൾ എല്ലാ മെമ്പർമാരുടെയും വീടുകൾ കയറിയിറങ്ങും. എന്റെയടുത്ത് വരില്ല. അതുപോലെ ഓണവും ക്രിസ്തമസും പോലെയുള്ള വിശേഷ സന്ദർഭങ്ങളിൽ ധാരാളം സമ്മാനങ്ങൾ കമ്പനി മെമ്പർമാർക്ക് നൽകാറുണ്ട്. അങ്ങനെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ വിപുലമായ രീതിയിൽ നടക്കുന്നുണ്ട്.

**ചേച്ചി മെമ്പറായിരിക്കുന്ന അതേ വാർഡിൽ കമ്പനിക്ക് അനുകൂലമായുള്ളവരും കമ്പനിയിൽ ജോലി ചെയ്യുന്നവരുമുണ്ടാകാം. ജനപ്രതിനിധി എന്ന നിലയിൽ താങ്കൾ അവരുടെയും പ്രതിനിധിയാണിപ്പോൾ. എന്താണ് അവരോടുള്ള സമീപനം, അവർക്ക് നിങ്ങളോടും?**

കമ്പനിയിൽ ജോലി ചെയ്യുന്നവർ എന്റെ വാർഡിലുണ്ട്. പക്ഷെ കമ്പനി നാടിനോട് ചെയ്യുന്നത് അനീതിയാണെന്ന് അവർക്കറിയാം. പക്ഷെ ജോലി പോകുമോ എന്ന് പേടിച്ച് പറയാതിരിക്കുന്നതാണ്. എന്നെ കാണുമ്പോൾ മിണ്ടുന്നവരും  മിണ്ടാത്തവരുമുണ്ട്. കുടുംബശ്രീയിലെല്ലാം ഞങ്ങൾ ഒരുമിച്ചാണ് പ്രവർത്തിക്കുന്നത്. ശത്രുതയൊന്നും നിലനിൽക്കുന്നില്ല. പഞ്ചായത്തിന് നൽകിയിട്ടുള്ള ലിസ്റ്റ് പ്രകാരം 137 സ്ഥിരം തൊഴിലാളികളാണ് കമ്പനിയിൽ പ്രവർത്തിക്കുന്നത്. അതിൽ തന്നെ 40ൽ താഴെ തൊഴിലാളികളാണ് കാതിക്കുടത്ത് നിന്നുള്ളവർ. കരാർ ജോലിക്കാരാണ് എന്റെ വാർഡിലുള്ളവർ അധികവും. ഞാൻ ഇലക്ഷനിൽ ജയിച്ച ശേഷം എന്റെ വാർഡിൽ നിന്നുള്ളവർക്ക് ജോലി കൊടുക്കാൻ കമ്പനി കൂടുതലായി ശ്രദ്ധിക്കുന്നുണ്ട്. എല്ലാവിധ എതിർപ്പുകളും കുറയ്ക്കാൻ ജാതി-മത-കുടുംബ പരിഗണനകൾ നോക്കിയാണ് ജോലി കൊടുക്കാറുള്ളത്. ട്രേഡ് യൂണിയൻകാരാണ് ഇത്തരം വിവരങ്ങൾ കൃത്യമായി കമ്പനിക്ക് കൈമാറുന്നത്.

**കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ (സി.എസ്.ആർ) പേരിൽ കമ്പനി കുറേ പ്രവർത്തനങ്ങൾ കാതിക്കുടത്ത് ചെയ്യുന്നുണ്ടല്ലോ. ഇത് പഞ്ചായത്തിന്റെ പിന്തുണയോടെയാണോ ചെയ്യുന്നത്?**
സമരം ശക്തിപ്പെട്ടതിന് ശേഷമാണ് ഇത്രയധികം സി.എസ്.ആർ പ്രവർത്തനങ്ങൾ കമ്പനി ഇവിടെ ചെയ്യാൻ തുടങ്ങിയത്. ഫ്ളക്സ് ബോർഡ് വച്ച് അവർ ഇപ്പോൾ എടുത്തുപറയുന്ന ഒരു കാര്യം ചാത്തൻചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ്. എന്നാൽ അവിടെ കമ്പനിയുടെ ചിലവിൽ ഒരു മോട്ടോർവച്ചതല്ലാതെ ആർക്കും ഇതുവരെ വെള്ളം കിട്ടിയിട്ടില്ല. അല്ലെങ്കിൽ തന്നെ നാട്ടുകാർ ഉപയോഗിച്ചിരുന്ന ശുദ്ധമായ പുഴ നശിപ്പിച്ചിട്ട് കമ്പനി അവർക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിൽ എന്ത് ന്യായമാണുള്ളത്. മെമ്പർമാർ ആവശ്യപ്പെട്ടിട്ടാണ് പല വാർഡിലും സി.എസ്.ആർ ആക്ടിവിറ്റീസ് ചെയ്യുന്നതെന്നാണ് കമ്പനി പറയുന്നത്. എന്നാൽ മെമ്പർമാർ ശരിക്കും ആവശ്യപ്പെടാറില്ല. നിങ്ങൾ ആവശ്യപ്പെട്ടാൽ ഞങ്ങൾക്ക് നിങ്ങളുടെ വാർഡിൽ ചില പദ്ധതികൾ നടപ്പാക്കാൻ ഞങ്ങൾക്ക് താത്പര്യമുണ്ടെന്ന് കാണിച്ച് കമ്പനി എല്ലാ മെമ്പർമാർക്കും കത്തയയ്ക്കും. താത്പര്യമുള്ള മെമ്പർ അതിന് മറുപടിയായി അയയ്ക്കുന്ന കത്താണ്, മെമ്പർ ആവശ്യപ്പെട്ടു എന്നതിന് തെളിവായി കമ്പനി കാണിക്കുന്നത്. സ്കൂളിൽ ഉച്ചഭക്ഷണ പരിപാടിക്ക് സഹായം ചെയ്തതായെല്ലാം അവർ ബ്രോഷറിൽ പറയുന്നുണ്ട്. അതിന് അവരുടെ സഹായം വേണ്ട. എസ്.എസ്.എയുടെ ധാരാളം ഫണ്ടുണ്ട്. കമ്പനി ചെയ്യേണ്ട കാര്യമില്ല. പഞ്ചായത്ത് ചെയ്യുന്ന പണിയൊന്നും ഏറ്റെടുത്ത് ജനോപകാരികളാണെന്ന് അവർ വേഷം കെട്ടേണ്ട.

**ഇത്തരം കമ്പനികൾ നാട്ടിൽ വേണമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ പഞ്ചായത്തിന് അധികാരമുള്ളതായാണോ ചേച്ചിയുടെ അനുഭവം?**
അധികാരം പഞ്ചായത്തിനാണെന്ന് പറയുന്നുണ്ടെങ്കിലും ഫലത്തിൽ അതില്ലെന്നാണ് എന്റെ അനുഭവം. നാടിനെ ബാധിക്കുന്ന ഇത്രയും ഗുരുതരമായ ഒരു വിഷയത്തിൽ പഞ്ചായത്തിന് തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. മൂന്ന് വർഷം തുടർച്ചയായി പഞ്ചായത്ത് ലൈസൻസ് കൊടുക്കാതിരുന്നിട്ടും കമ്പനി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടല്ലോ. ഹൈക്കോടതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുണ്ടോ എന്ന് മാത്രമാണ് പരിശോധിക്കുന്നത്. പഞ്ചായത്തിനോട് എന്തുകൊണ്ട് ലൈസൻസ് കൊടുത്തില്ല എന്ന വിശദീകരണം ചോദിക്കാറില്ല. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരും അതുചോദിക്കാറില്ല. അവർ അനുമതി നീട്ടിക്കൊടുക്കുമ്പോൾ എന്താണ് പഞ്ചായത്തിന്റെ അഭിപ്രായം എന്ന് ചോദിക്കാനുള്ള മര്യാദപോലും കാണിക്കാറില്ല. അതുകൊണ്ടാണ് പഞ്ചായത്തിന് അധികാരം കുറവാണെന്ന് തോന്നുന്നത്.

**മുഖ്യമന്ത്രിയുടെ മുൻകൈയിൽ നടന്ന പല ചർച്ചകളിലും ജനപ്രതിനിധി എന്ന നിലയിൽ ചേച്ചിയും പങ്കെടുത്തിട്ടുണ്ടാകുമല്ലോ. എന്തായിരുന്നു സമീപനം?**
സർക്കാർ തലത്തിൽ നടക്കുന്ന ചർച്ചകളും പഞ്ചായത്തിന്റെ പ്രതിനിധികളെ പരിഗണിക്കാറില്ല. മുഖ്യമന്ത്രിയും ഞങ്ങളോട് ഒന്നും ചോദിക്കാറില്ല. ആ സ്ഥലത്തെ ജനപ്രതിനിധികളേക്കാൾ വില കാതിക്കുടത്ത് ഒരിക്കലും വന്നിട്ടില്ലാത്തവരുടെ വാക്കിനാണെന്നാണ് മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ തോന്നിയിട്ടുള്ളത്. വ്യവസായ വികസന കോർപ്പറേഷന്റെ ചെയർമാൻ ഒരു ചർച്ചയിൽ പറഞ്ഞത് ചാലക്കുടിപ്പുഴയിൽ ആകെ 10ൽ താഴെ മത്സ്യങ്ങൾ മാത്രമാണ് ചത്തതെന്നും അതുകൊണ്ട് പ്രശ്നം ഗൗരവമല്ലെന്നുമാണ്. എന്താണ് ഇവിടെ നടക്കുന്നതെന്ന് അദ്ദേഹത്തിന് ഒരു ധാരണയുമില്ല. ഈ നാട്ടിൽ എന്ത് വികസനമാണ് വേണ്ടതെന്ന് നാടിനെക്കുറിച്ച് ഒന്നുമറിയാത്തവരാണ് തീരുമാനിക്കുന്നതെന്ന് എന്തായാലും മനസ്സിലായി. ■

## തൊഴിലാളി സംഗമം നടത്തി

കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ കമ്പനിയെയും അനുബന്ധ വ്യവസായങ്ങളെയും സംരക്ഷിക്കുക, കപട പരിസ്ഥിതിവാദികളിൽ നിന്ന് ചാലക്കുടിപ്പുഴയെയും പരിസ്ഥിതിയെയും സംരക്ഷിക്കുക എന്നാവശ്യപ്പെട്ട് ഐക്യ ട്രേഡ് യൂണിയൻ ജൂലായ് 5ന് ചാലക്കുടിയിൽ വച്ച് തൊഴിലാളി സംഗമം നടത്തി. സി.ഐ.ടി.യു. അഖിലേന്ത്യ സെക്രട്ടറി പി. നന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി., ബി.എം.എസ്, എസ്.ടി.യു തുടങ്ങിയ സംഘടനകൾ പങ്കെടുത്തു.

## പ്ലാച്ചിമട മക്കൾ ഇയ്യക്കം

സമരകേന്ദ്രങ്ങൾ ഉത്പാദന കേന്ദ്രങ്ങൾ കൂടിയാകട്ടെ എന്ന മുദ്രാവാക്യവുമായി, 2013 ഒക്ടോബർ 5 മുതൽ പ്ലാച്ചിമട മക്കൾ ഇയ്യക്കം (പ്ലാച്ചിമട ജന മുന്നേറ്റം) എന്ന പേരിൽ പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരപന്തലിൽ വച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നു. ജൈവകൃഷി, ജൈവ ഉത്പന്നങ്ങൾ, പരിശീലന പരിപാടികൾ, സർഗ്ഗ സംവാദങ്ങൾ എന്നിവയുൾപ്പെടുന്ന പരിപാടി 2014 ജനുവരി 5 വരെ തുടരും. *ബന്ധങ്ങൾക്ക്: 9288181655*

## ജനാധികാര യാത്ര

പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കണമെന്ന ആവശ്യവുമായി ഒക്ടോബർ 15 മുതൽ നവംബർ 15വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജനാധികാര യാത്ര സംഘടിപ്പിക്കുന്നു. മന്ത്രിമാരെ തെരുവിൽ തടയൽ കേരള നിയമസഭ ഐകകണ്ഠേന പാസാക്കിയ പ്ലാച്ചിമട ട്രൈബ്യൂണൽ ബിൽ നടപ്പിലാക്കാൻ വിസമ്മതിക്കുന്ന കേരളത്തിലെ മന്ത്രിമാരെ നവംബർ 15 മുതൽ വഴിയിൽ തടയുന്നു. *ബന്ധങ്ങൾക്ക്: 9744831675*